"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- വരുമാന സർട്ടിഫിക്കറ്റ് എൻടി ചെയ്തെങ്കിലും ഡിജിറ്റൽ സിഗ്നേച്ചർ ചെയ്തില്ല എന്ന കാരണത്താൽ 2022 ഒക്ടോബർ, നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ മുടങ്ങിയ ഗുണഭോക്താക്കൾക്ക് പെൻഷൻ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.62/2023/FIN തീയതി,തിരുവനന്തപുരം,05-01-2023

പരാമർശം:-
1. സ.ഉ. (എം എസ്) നം.8200/2022/ധന തീയതി 03.12.2022
2. പഞ്ചായത്ത് ഡയറക്ടറുടെ 27.12.2022-ലെ പിഎഎൻ 3376/2022 ഡിബിടി 2-ഡിപി നമ്പർ കത്ത്

**ഉത്തരവ്**

2022 ഒക്ടോബർ, നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ, വരുമാന സർട്ടിഫിക്കറ്റ് എൻടി ചെയ്തെങ്കിലും ഡിജിറ്റൽ സിഗ്നേച്ചർ ചെയ്തില്ല എന്ന കാരണത്താൽ, 2022 ഒക്ടോബർ, നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ മുടങ്ങിയ 2957 ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായി 89,62,400/-രൂപ (എൺപത്തൊമ്പതു ലക്ഷത്തി അറുപത്തിരണ്ടായിരത്തി നാനൂറ് രൂപ മാത്രം) അനുവദിച്ച് നൽകണമെന്ന് സൂചന (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ, വരുമാന സർട്ടിഫിക്കറ്റ് എൻടി ചെയ്തെങ്കിലും ഡിജിറ്റൽ സിഗ്നേച്ചർ ചെയ്തില്ല എന്ന കാരണത്താൽ 2022 ഒക്ടോബർ, നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ മുടങ്ങിയ 2957 ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനാവശ്യമായ തുകയായ 89,62,400/- രൂപ (എൺപത്തൊമ്പത് ലക്ഷത്തി അറുപത്തിരണ്ടായിരത്തി നാനൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ഓരോ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിശദാംശങ്ങൾ ഈ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3. വരുമാന സർട്ടിഫിക്കറ്റ് എൻടി ചെയ്തെങ്കിലും ഡിജിറ്റൽ സിഗ്നേച്ചർ ചെയ്തില്ല എന്ന കാരണത്താൽ, 2022 ഒക്ടോബർ, നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ മുടങ്ങിയ 2957 ഗുണഭോക്താക്കളിൽ 1668 ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുകയായ 50,67,600/- രൂപ (അമ്പതു ലക്ഷത്തി അറുപത്തേഴായിരത്തി അറുന്നൂറ് രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്കും (എസ് ബി അക്കൗണ്ട് നമ്പർ: 67234515304 (IFS Code : SBIN 0070028), സഹകരണ സ്ഥാപങ്ങൾ വഴി നേരിട്ട് ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിന് 1289 ഗുണഭോക്താക്കൾക്ക് ആവശ്യമായ തുകയായ 38,94,800/- രൂപ (മുപ്പത്തിയെട്ടു ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി എണ്ണൂറു രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ:

799012100000001), കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നല്കുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും, ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം നടത്തിന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു. ഈ പെൻഷൻ വിതരണത്തിനായി ഒരു ഇൻസെന്റീവിന് മാത്രമേ സഹകരണ സംഘങ്ങൾക്ക് അർഹതയുണ്ടാവുകയുള്ളൂ. സൂചന (1) പ്രകാരം 2022 ഒക്ടോബർ, നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ്റെ ബാങ്ക് വഴിയുള്ള വിതരണത്തിനു ശേഷം 14,74,35,665/- രൂപ ബാങ്ക് അക്കൗണ്ടിൽ തിരികെ ലഭിച്ചിട്ടുള്ളതിനാൽ ടി തുകയിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുകയായ 50,67,600/- രൂപ (അമ്പതു ലക്ഷത്തി അറുപത്തേഴായിരത്തി അറുന്നൂറു രൂപ മാത്രം) ചെലവഴിക്കാവുന്നതാണ്.

4. കോവിഡ് പശ്ചാത്തലത്തിൽ എല്ലാ മുൻ കരുതലുകളും എടുത്താണ് പെൻഷൻ വിതരണം നടത്തുന്നതെന്ന് ബന്ധപ്പെട്ടവർ ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ.ബി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:

അക്കൗണ്ടൻ്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടൻ്റ് ജനറൽ (ആഡിറ്റ് II) കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരളാ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് ആൻഡ് ന്യൂ മീഡിയ വിഭാഗം
വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഫയൽ നം.2297242/എസ്.എഫ്.സി-ബി1 406/2022-ധന)

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ

അനുബന്ധം

| 2022 October(Total) | | | | | | |
|---|---|---|---|---|---|---|
| | Bank | | D to H | | Total | |
| Pension Type | Count | Amount | Count | Amount | Count | Amount |
| ALP | 102 | 156200 | 196 | 301600 | 298 | 457800 |
| IGNOAP | 945 | 1416000 | 628 | 926800 | 1573 | 2342800 |
| IGNDPS | 97 | 155200 | 112 | 179200 | 209 | 334400 |
| UMWP | 20 | 30000 | 23 | 35800 | 43 | 65800 |
| IGNWPS | 504 | 776400 | 330 | 504000 | 834 | 1280400 |
| Grand Total | 1668 | 2533800 | 1289 | 1947400 | 2957 | 4481200 |

| 2022-October(Municipality) | | | | | | |
|---|---|---|---|---|---|---|
| | Bank | | D to H | | Total | |
| Pension Type | Count | Amount | Count | Amount | Count | Amount |
| ALP | 0 | 0 | 7 | 11200 | 7 | 11200 |
| IGNOAP | 21 | 32600 | 11 | 16600 | 32 | 49200 |
| IGNDPS | 8 | 12800 | 15 | 24000 | 23 | 36800 |
| UMWP | 0 | 0 | 1 | 1600 | 1 | 1600 |
| IGNWPS | 10 | 15000 | 7 | 11200 | 17 | 26200 |
| Grand Total | 39 | 60400 | 41 | 64600 | 80 | 125000 |

| 2022-October(Gramapanchayath) | | | | | | |
|---|---|---|---|---|---|---|
| | Bank | | D to H | | Total | |
| Pension Type | Count | Amount | Count | Amount | Count | Amount |
| ALP | 102 | 156200 | 189 | 290400 | 291 | 446600 |
| IGNOAP | 924 | 1383400 | 617 | 910200 | 1541 | 2293600 |
| IGNDPS | 89 | 142400 | 97 | 155200 | 186 | 297600 |
| UMWP | 20 | 30000 | 22 | 34200 | 42 | 64200 |
| IGNWPS | 494 | 761400 | 323 | 492800 | 817 | 1254200 |
| Grand Total | 1629 | 2473400 | 1248 | 1882800 | 2877 | 4356200 |

| 2022 November (Total) |
|---|

| | Bank | | D to H | | Total | |
|---|---|---|---|---|---|---|
| Pension Type | Count | Amount | Count | Amount | Count | Amount |
| ALP | 102 | 156200 | 196 | 301600 | 298 | 457800 |
| IGNOAP | 945 | 1416000 | 628 | 926800 | 1573 | 2342800 |
| IGNDPS | 97 | 155200 | 112 | 179200 | 209 | 334400 |
| UMWP | 20 | 30000 | 23 | 35800 | 43 | 65800 |
| IGNWPS | 504 | 776400 | 330 | 504000 | 834 | 1280400 |
| Grand Total | 1668 | 2533800 | 1289 | 1947400 | 2957 | 4481200 |

| 2022-November(Municipality) | | | | | | |
|---|---|---|---|---|---|---|
| | Bank | | D to H | | Total | |
| Pension Type | Count | Amount | Count | Amount | Count | Amount |
| ALP | 0 | 0 | 7 | 11200 | 7 | 11200 |
| IGNOAP | 21 | 32600 | 11 | 16600 | 32 | 49200 |
| IGNDPS | 8 | 12800 | 15 | 24000 | 23 | 36800 |
| UMWP | 0 | 0 | 1 | 1600 | 1 | 1600 |
| IGNWPS | 10 | 15000 | 7 | 11200 | 17 | 26200 |
| Grand Total | 39 | 60400 | 41 | 64600 | 80 | 125000 |

| 2022-November (Gramapanchayath) | | | | | | |
|---|---|---|---|---|---|---|
| | Bank | | D to H | | Total | |
| Pension Type | Count | Amount | Count | Amount | Count | Amount |
| ALP | 102 | 156200 | 189 | 290400 | 291 | 446600 |
| IGNOAP | 924 | 1383400 | 617 | 910200 | 1541 | 2293600 |
| IGNDPS | 89 | 142400 | 97 | 155200 | 186 | 297600 |
| UMWP | 20 | 30000 | 22 | 34200 | 42 | 64200 |
| IGNWPS | 494 | 761400 | 323 | 492800 | 817 | 1254200 |
| Grand Total | 1629 | 2473400 | 1248 | 1882800 | 2877 | 4356200 |